പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1579 11.02.2013- ലെ മറുപടി

## പ്രവാസി ക്ഷേമനിധി വിഹിതം

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി. സി. ജോർജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ഡോ: എൻ . ജയരാജ് :

**ഉത്തരം**

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ) പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(എ) ക്ഷേമ ബോർഡിൽ അംഗങ്ങളായിട്ടുള്ളവർക്ക് നിബന്ധനകൾക്കനുസൃതമായി പെൻഷൻ , കുടുംബ പെൻഷൻ , അവശതാ പെൻഷൻ , മരണാനന്തര സഹായം, ചികിത്സാ സഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ്, എന്നിവ നൽകുക, കൂടാതെ അംഗങ്ങൾക്ക് ആശ്വാസ നിധിയിൽ നിന്നും വായ്പകൾ നൽകുക എന്നിവയാണ് പ്രവാസി ക്ഷേമ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ .

(ബി) പ്രസ്തുത ക്ഷേമനിധിയിലേക്കുള്ള വിഹിതം ഏതെല്ലാം ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട് ; വിശദമാക്കുമോ ;

(ബി) നിലവിൽ ക്ഷേമനിധിയിലേക്കുള്ള അംഗങ്ങളുടെ അംശാദായം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ , ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുടെ എല്ലാ ശാഖകളിൽ കൂടിയും അടയ്ക്കാവുന്നതാണ്.

(സി) പ്രവാസികളുടെ സൗകര്യം കണക്കിലെടുത്ത് മറ്റ് ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിലും ഈ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) ബോർഡിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യത/ സുതാര്യത/ കാര്യക്ഷമത എന്ന ലക്ഷ്യം കണക്കിലെടുത്ത് നിലവിലുള്ള ബാങ്കുകളുമായി സാമ്പത്തിക ഇടപാടുകൾ തുടരുന്നതിന് ബോർഡ് തീരുമാനിച്ചു. ബോർഡിനു വേണ്ടി പ്രവാസികളിൽ നിന്നും പണം സ്വീകരിക്കുന്നതിന് ഷെഡ്യൂൾഡ് ബാങ്കുകളെ അനുവദിക്കുന്നതിന് ഇപ്പോൾ ബോർഡ് ഉദ്ദേശിക്കുന്നില്ല. കൂടാതെ പ്രവാസി ക്ഷേമ ആക്റ്റിൽ ദേശസാത്കൃത ബാങ്കുകളുമായി സാമ്പത്തിക ഇടപാട് നടത്തുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ

(